(ബി) കോർപ്പറേഷൻ ഒരു കമ്പനിയേയും സ്വയമായി ഒഴിവാക്കിയിട്ടില്ല. വിൽപ്പനയുടെ അടിസ്ഥാനത്തിലാണ് ഓരോ കമ്പനിയിൽനിന്നും മദ്യം വാങ്ങുന്നത്. ഓരോ മാസത്തേയും വിൽപ്പന അവലോകനം ചെയ്ത്, ഏതെങ്കിലും കമ്പനിയുടെ മദ്യം വിൽപ്പന നടക്കാതെ കൂടുതൽ കെട്ടിക്കിടപ്പുണ്ടെങ്കിൽ ആ കമ്പനികളെ ആ മദ്യം വിറ്റു തീരുന്നതുവരെ താൽക്കാലികമായി ഒഴിവാക്കിയാണ് മദ്യം വാങ്ങുന്നത്.

തോട്ടം തൊഴിലാളികളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് ലേബർ ആക്ടിലുള്ള വ്യവസ്ഥകൾ

* 362 [389] ശ്രീ. പി. കുമാരൻ :
,, കാനം രാജേന്ദ്രൻ :
,, വി. കെ. രാജൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള പ്ലാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഈ നിയമം ഇതേവരെ നടപ്പിലാക്കാത്ത ഏതെങ്കിലും ഉടമകൾക്കെതിരായി പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത് ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഉണ്ട്. 12259 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. കൂടാതെ 4698 വീടുകളിൽ വയറിംഗ് പൂർത്തിയാക്കിട്ടുണ്ട്.

(ബി) വൈദ്യുതീകരിക്കാത്തതിന് 11 തോട്ടം ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ രണ്ട് തോട്ടമുടമകൾക്കെതിരെയുള്ള കേസ്സുകൾ ശിക്ഷിക്കുകയും പിഴയായി 4,900 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 9 കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

അംഗനവാടി കെട്ടിടങ്ങൾ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ നടപടി

* 363 [390] ശ്രീ. കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗനവാടി കെട്ടിടങ്ങൾ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly